വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണ്. രണ്ട് സ്ഥലങ്ങളിലായിട്ടാണ് ഈ സ്കൂൾ നടക്കുന്നത് കുറെ സ്കൂളുകൾ ആ തരത്തിൽ നടക്കുന്നുണ്ട്. കെട്ടിടത്തിന്റെ അഭാവം കാരണമാണ് അങ്ങനെ ഉണ്ടായിട്ടുള്ളത്. ഈ സ്കൂൾ മുൻഗണനാ പരിഗണനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശം കൊടുക്കാം. പക്ഷേ മുൻഗണനാ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയ തോതിലാണ് കെട്ടിടം കെട്ടുന്നത്.

(xi) ഹോട്ടൽ തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. സി. പി. നാരായണൻ: സർ, നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് ഹോട്ടൽ തൊഴിലാളികളുണ്ട്. വളരെ തുച്ഛമായ കൂലിയാണ് അതിൽ ഭൂരിപക്ഷം ആളുകൾക്കും ഉള്ളത്. അവർക്ക് ഒരു ഏകീകരിച്ച വേതനനയം ഈ സംസ്ഥാനത്തില്ല. അതിന്റെ ഫലമായി വളരെ ബുദ്ധിമുട്ടുന്നത് തൊഴിലാളികളാണ്. അവർക്ക് ഒരു ക്ഷേമനിധി കൊണ്ടുവരണമെന്നതാണ് എന്റെ ആവശ്യം. എന്നാൽ ഇവരെ നയിക്കുന്ന വ്യാപാരി വ്യവസായികൾക്ക് ക്ഷേമനിധിയുണ്ട്. അത് ഒരു വിരോധാഭാസമാണ്. വ്യാപാരി-വ്യവസായികൾക്ക് ക്ഷേമനിധി ഉണ്ടാകുന്ന അവസരത്തിൽ നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും പാവപ്പെട്ട ഹോട്ടൽ തൊഴിലാളികൾക്ക് ക്ഷേമനിധി ഇല്ലെന്നു പറയുന്നത് ഏറ്റവും വലിയ വിരോധാഭാസമാണ്. അതുകൊണ്ട് ഒരു ക്ഷേമനിധി അടിയന്തിരമായി കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, ഹോട്ടൽ തൊഴിലാളികൾ കേരളാ ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് നിയമത്തിന്റെ പരിധിയിൽ വരുന്നവരാണ്. അവർക്ക് മിനിമം വേതനം നിർണ്ണയിച്ചിട്ടുണ്ട്. ആ തൊഴിലാളികൾ ലേബർ വെൽഫെയർ ഫണ്ടിന്റെ പരിധിയിൽ വരുന്നവരാണ്. അതിന്റെ ക്ഷേമാനുകൂല്യങ്ങൾക്ക് അവർക്ക് അർഹതയുണ്ട്. ഹോട്ടൽ ഉൾപ്പെടെയുള്ള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് ജീവനക്കാർക്ക് മൊത്തമായി ഒരു ക്ഷേമ പദ്ധതി പ്രത്യേകമായി കൊണ്ടുവരണമെന്ന നിർദ്ദേശം. ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(xii) ചങ്ങനാശ്ശേരിയിലെ പാൽ ക്ഷാമം

ശ്രീ. സി. എഫ്. തോമസ്: സർ, ചങ്ങനാശ്ശേരി ഗവൺമെൻറ് ഹോസ്പിറ്റലിൽ മിൽമാപാൽ വിതരണം സ്തംഭിച്ചിട്ട് ഒന്നര മാസമായി. രോഗികൾക്ക് പാൽ കൊടുക്കുന്നില്ല. കഴിഞ്ഞ ഫെബ്രുവരി 15-ന് കൊടുത്തതാണ്. കോട്ടയം ജില്ലയിലെ ഏറ്റവും വലിയ ആശുപത്രിയാണ് ചങ്ങനാശ്ശേരി താലൂക്കാശുപത്രി. അഞ്ഞൂറോളം രോഗികൾ അവിടെ ഉണ്ട്. അവർക്ക് ആകെപ്പാടെ കിട്ടുന്നത് ഈ പാലാണ്. മരുന്നൊന്നും അവിടെ ഇല്ല. ആ പാൽ വിതരണം ഉടനെ ആരംഭിക്കണം. അതുപോലെ തന്നെ മിൽമാ ചങ്ങനാശ്ശേരി പ്രദേശത്ത് ബൂത്തുകളിലൂടെ നടത്തിവന്ന പാൽവിതരണവും സ്തംഭിച്ചിരിക്കുകയാണ്. ഇതുമൂലം നാട്ടുകാർ

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം കഷ്ടപ്പെടുകയാണ്. അതുകൊണ്ട് ചങ്ങനാശ്ശേരി താലൂക്കാശുപത്രിയിലും ചങ്ങനാശ്ശേരി പ്രദേശത്തുള്ള മിൽമാ ബൂത്തുകളിലും ആവശ്യത്തിനുള്ള പാൽ വിതരണം നടത്തുന്നതിനുള്ള വളരെ സത്വരമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ചങ്ങനാശ്ശേരിയിലൊക്കെ പാൽ വിതരണം നടത്തുന്നത് എറണാകുളം റീജിയണൽ മിൽക്ക് മാർക്കറ്റിംഗ് യൂണിയനാണ്. ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഒരു തെറ്റിദ്ധാരണ ഈ കാര്യത്തിൽ ഉണ്ടെന്നു തോന്നുന്നു. ഇത് ഗവൺമെന്റ് നേരിട്ട് ചെയ്യുന്ന കാര്യങ്ങളൊന്നുമല്ല. ഇത് തെരഞ്ഞെടുക്കപ്പെട്ട സമിതിയുള്ള ജനാധിപത്യപരമായ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. അവരാണ് പാൽ വിതരണം നടത്തുന്നത്. ഇപ്പോഴ് ചങ്ങനാശ്ശേരി താലൂക്കാശുപത്രിയിൽ എന്താണ് പാൽ വിതരണം നടത്താത്തതെന്ന് ചോദിച്ചപ്പോഴ് അവർ മറുപടി തന്നിരിക്കുന്നത് കുറെയധികം കുടിശ്ശിക ലഭിക്കാനുണ്ട് എന്നും അത് കൊടുക്കാത്തതുകൊണ്ട് നോട്ടീസ് കൊടുത്തിട്ട് ഇപ്പോഴ് പാൽ വിതരണം നിർത്തിവച്ചിരിക്കുകയാണ് എന്നുമാണ്. ബഹുമാനപ്പെട്ട മെമ്പറും കൂടി ചേർന്നിട്ട് ആ കുടിശ്ശിക കൊടുക്കാൻ ശ്രമിക്കണം. എങ്കിലും ഈ ആശുപത്രിയിലേക്ക് ആവശ്യമുള്ള പാൽ വിതരണം നടത്താനും അതുപോലെ തന്നെ ചങ്ങനാശ്ശേരി ടൗണിലും മിൽമാ ബൂത്തുകളിൽ കൂടി ആവശ്യത്തിനുള്ള പാൽ വിതരണം നടത്താനും ഞാൻ അവരോട് ആവശ്യപ്പെടാം. അതുമാത്രമല്ല കോട്ടയം ജില്ലയിൽ ഇപ്പോഴ് 70 ശതമാനം പാലേ വിതരണം ചെയ്യുന്നുള്ളൂ. അത് കൂട്ടുന്നതിനുവേണ്ടി സത്വരമായ നടപടികളും സ്വീകരിക്കുന്നതിനും ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

(xiii) പൂന്തുറ പ്രൈമറി ഹെൽത്ത് സെൻറർ

ശ്രീ. എം. എം. ഹസ്സൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ തീരദേശത്തെ ആളുകൾക്ക് ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടിവരുന്ന ഒരു ഗവൺമെന്റ് ആശുപത്രിയാണ് പൂന്തുറ പ്രൈമറി ഹെൽത്ത് സെൻറർ. അവിടെ ഒരു ഫുൾടൈം ആശുപത്രിയായി പ്രവർത്തിപ്പിക്കത്തക്കവണ്ണമുള്ള എല്ലാ സൗകര്യങ്ങളുമുണ്ടെങ്കിലും ഫുൾടൈമാക്കി പ്രവർത്തിപ്പിക്കുന്നില്ല. വളരെക്കാലമായിട്ട് അവിടത്തെ നാട്ടുകാരും ഞാനുമൊക്കെ ബഹുമാനപ്പെട്ട മന്ത്രിക്ക് പല നിവേദനങ്ങളും കൊടുത്തിട്ടുള്ളതാണ്. എല്ലാ സൗകര്യങ്ങളുമുള്ള പൂന്തുറ പ്രൈമറി ഹെൽത്ത് സെൻറർ ഫുൾടൈം ആശുപത്രിയാക്കണമെന്നുള്ള നാട്ടുകാരുടെ ആവശ്യം അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്): സർ, പൂന്തുറ പ്രൈമറി ഹെൽത്ത് സെൻററിനെ ഒരു ഫുൾടൈം ആശുപത്രിയാക്കണമെന്നുള്ള നിർദ്ദേശം പല പ്രാവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇവിടെ നിന്ന് ഫോർട്ട് ആശുപത്രിയിലേക്ക് എട്ട് കിലോമീറ്ററും തൈക്കാട് ആശുപത്രിയിലേക്ക് ഒൻപത് കിലോമീറ്ററും ജനറൽ ആശുപത്രിയിലേക്ക് പത്ത് കിലോമീറ്ററും മെഡിക്കൽ കോളേജിലേക്ക് പതിമൂന്ന് കിലോമീറ്ററുമാണുള്ളത്. ഇങ്ങനെ ഇത്രയും കിലോമീറ്ററിനുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly